പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5439

27-03-2018-ലെ

മറുപടിയ്ക്ക്

## ജൈവകർഷകർക്ക് മണ്ണിരകമ്പോസ്റ്റും ജൈവവളവും

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി. ദിവാകരൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവവളം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന വ്യാപകമായി നടപ്പാക്കിവരുന്ന ജൈവ കൃഷി പദ്ധതി മുഖേന സംസ്ഥാനത്ത് ജൈവ വളം ലഭ്യമാക്കുന്നതിനു വേണ്ടി കർഷകർക്ക് ജൈവ വള നിർമ്മാണത്തിൽ പരിശീലനവും സാങ്കേതിക വിദ്യകളും ധനസഹായവും നൽകിവരുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽ നാളിതുവരെ 17442 റ്ററൽ കമ്പോസ്റ്റ് യൂണിറ്റുകളും 2189 മണ്ണിര കംമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. ഇവയ്ക്ക് യഥാക്രമം 796.125 ലക്ഷം രൂപയും 164.175 ലക്ഷം രൂപയും ധനസഹായം നൽകി.ഇതിനു പുറമെ വി.എഫ്.പി.സി.കെ വഴി ജൈവ വളം ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി എറണാകുളത്ത് പ്രവർത്തിക്കുന്ന കൃഷി ബിസിനസ്സ് കേന്ദ്രയ്ക്ക് 2016-17 ൽ 72.00 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം 70.00 ലക്ഷം രൂപയും നൽകി ജൈവ വളനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നുണ്ട്. |

ജൈവ കൃഷിയും ഉത്തമ കൃഷിമുറയും പദ്ധതിയുടെ ഭാഗമായി ജൈവ വളം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2014-15, 2015-16 വർഷങ്ങളിൽ 839 ഹെക്ടർ പ്രദേശത്ത് പച്ചിലവള കൃഷി വ്യാപിപ്പിച്ചു.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ജൈവ കൃഷി പ്രോത്സാഹന അവാർഡ് നൽകുന്നതുവഴി ജൈവ വള യൂണിറ്റുകൾ സ്ഥാപിക്കുന്നത് സാധ്യമായിട്ടുണ്ട്.

| | | | |
|---|---|---|---|
| **ബി)** | ഹോർട്ടികൾച്ചറൽ മിഷൻ മുഖാന്തരം ജൈവകർഷകർക്ക് മണ്ണിര കമ്പോസ്റ്റും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | **(ബി)** | ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ജൈവ കൃഷി അവലംബിക്കുന്നതിന് ആവശ്യമായ ജൈവ വളങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെൻറ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണിര കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നു. 30'X8'X2.5' വ്യാപ്തിയുള്ള മണ്ണിര കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ ചിലവ് കണക്കാക്കി 50% ശതമാനം സബ്സിഡിയായി 50000/- രൂപ അനുവദിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം നാളിതുവരെ 80 വെർമ്മി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുകയും 37.97 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു. |
| **(സി)** | കർഷക ക്ലബ്ബുകൾ, കൃഷി സമാജങ്ങൾ എന്നിവയിലൂടെ ജൈവവളം വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുമോ? | **(സി)** | ഇപ്പോൾ പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**